# 54. ഒരു തരി മണ്ണ്, ഒരു തുള്ളി വെള്ളം

വായു, വെള്ളം, മണ്ണ്—ഇവ മൂന്നുമാണ് ഭൂതലത്തിൽ ജീവന്റെ നിലനിൽപ്പ് സാധ്യമാക്കുന്നത്. അതിനാൽ ഇവയെ പൊതുവെ 'ജീവാധാരവ്യൂഹങ്ങൾ' (ലൈഫ് സപ്പോർട്ട് സിസ്റ്റം) എന്നു വിളിക്കുന്നു. അത്യന്തം ചലനക്ഷമത ഉള്ളവ ആയതിനാൽ വായുവും വെള്ളവും അതിരിടപ്പെട്ട ഒരു പ്രദേശത്തിനുള്ളിൽ, നവീകരണക്ഷമങ്ങൾ (റിന്യൂവബിൾ) ആകുന്നു. എന്നാൽ, മണ്ണിന്റെ സ്ഥിതി അതല്ല. നഷ്ടപ്പെടുകയോ ദുഷിക്കുകയോ ചെയ്താൽ, പിന്നീട് അതു വീണ്ടെടുക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യാൻ നമുക്കു കഴിവില്ല. പാറപ്പുമേൽ ഒരിഞ്ചു മണ്ണ് പരന്നുകാണാൻ പ്രകൃതി എത്ര നൂറ്റാണ്ടുകൾ തപസ്സ് അനുഷ്ഠിക്കണം!

മണ്ണിന്റെ ഈ പ്രാധാന്യം വേണ്ടവിധം മനസ്സിലാക്കപ്പെട്ടിട്ടില്ലെന്നത് ആധുനികഭാരതത്തിന്റെ നിർഭാഗ്യങ്ങളിൽ ഒന്നാകുന്നു. ദാരിദ്ര്യനിർമാർജനത്തെപ്പറ്റി നാം ധാരാളം സംസാരിക്കുന്നുണ്ട്. ശുദ്ധവും ഫലപുഷ്ടവുമായ മണ്ണല്ലാതെ മറ്റെന്താണ് സമ്പത്തിന്റെ പ്രാഥമിക—അടിസ്ഥാനം? ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ സംഭവിച്ച മണ്ണുനാശം, ചിന്തിക്കുന്ന ആരെയും അമ്പരപ്പിക്കേണ്ടതാണ്. ഈ നാശം ഇപ്പോഴും വർദ്ധമാനമായ തോതിൽ തുടരുകയുമാണ്. നമ്മുടെ നാട്ടിൽ അറുപതോ എഴുപതോ ശതമാനം ആളുകൾ നിരക്ഷരരാണെന്നു പറയാറുണ്ട്. ഇത് 'ലിപി നിരക്ഷരത'യുടെ കാര്യമാണ്. 'ലിപി നിരക്ഷരത'യെക്കാൾ ഭയാവഹമാണ് 'വിഭവ നിരക്ഷരത.' പ്രകൃതിവിഭവങ്ങളെപ്പറ്റിയുള്ള അജ്ഞാനമാണിത്. വിഭവനിരക്ഷരത ഇന്ത്യയിൽ ഏതാണ്ട് നൂറു ശതമാനം ആളുകളിലും ഇന്നും നിലനില്ക്കുന്നു.

ഏറ്റവും പുതിയ കണക്കുകളനുസരിച്ച്, ഇന്ത്യയിൽ ആകെ കൃഷിചെയ്യാവുന്നതായി ഇരുപത്താറുകോടി നാല്പതു ലക്ഷം ഹെക്ടർ ഭൂമിയേ ഉള്ളൂ. ഇതിൽ പതിനേഴു കോടി അമ്പതു ലക്ഷം ഹെക്ടർ ഭൂമി ഏറെക്കുറെ കൃഷിക്ക് കൊള്ളരുതാത്തതായി ദുഷിച്ചു കഴിഞ്ഞിട്ടുണ്ട്. പതിനഞ്ചു കോടി മുപ്പതു ലക്ഷം ഹെക്ടർ കൃഷിഭൂമി ദുഷിച്ചിട്ടുള്ളത് മണ്ണൊലിപ്പുമൂലമാണ്. രണ്ടു കോടി ഇരുപതു ലക്ഷം ഹെക്ടർ ഭൂമി പുളി ഇളകിയ ചതുപ്പുനിലങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെ കേടുവന്ന നിലങ്ങളിൽ ഒമ്പതു കോടി ഹെക്ടർ സ്ഥലത്ത് ഇപ്പോൾത്തന്നെ കൃഷി ഇറക്കാതായിരിക്കുന്നു. ദീർഘകാലത്തെ ക്ഷമാപൂർവമായ പ്രവർത്തനംകൊണ്ടു മാത്രമേ ഈ പ്രദേശങ്ങളെ വീണ്ടും കൃഷിയോഗ്യങ്ങളാക്കാൻ കഴിയുകയുള്ളൂ. പുല്ലും കുറ്റിച്ചെടികളും മരങ്ങളും നടുകയാണ്, ദുഷിച്ച നിലങ്ങളെ കൃഷിക്കുവേണ്ടി വീണ്ടെടുക്കുന്നതിനായി ചെയ്യേണ്ടത്. ഇപ്പോൾ ശരിക്കും കൃഷി നടക്കുന്നത് പതിന്നാലു കോടി മുപ്പതു ലക്ഷം ഹെക്ടർ സ്ഥലത്താണെന്ന് മറ്റൊരു കണക്കും കാണുന്നുണ്ട്. കൃഷിയോഗ്യത കുറെയൊക്കെ നഷ്ടപ്പെട്ട പ്രദേശങ്ങൾ ഇന്ത്യയിൽ എട്ടു കോടി അമ്പതു ലക്ഷം ഹെക്ടർ ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു. മണ്ണും വെള്ളവും സംരക്ഷിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തിയാൽ ഈ പ്രദേശങ്ങൾ കൂടുതൽ മോശമാവാതെ നോക്കാൻ കഴിഞ്ഞേക്കും.

1952-ൽ പാർലമെന്റ് പാസ്സാക്കിയ വനനയപ്രമേയമനുസരിച്ച് ഇന്ത്യയിൽ പത്തു കോടി ഹെക്ടർ വനഭൂമി ഉണ്ടാവേണ്ടതാണ്. എന്നാൽ, ഇപ്പോൾ ഇന്ത്യൻ വനനിയമത്തിന്റെ (ഇന്ത്യൻ ഫോറസ്റ്റ് ആക്ട്) പരിധിയിൽപ്പെടുന്ന വനഭൂമി ആകെ ആറു കോടി എഴുപതു ലക്ഷം ഹെക്ടർ ആകുന്നു. നിലത്ത് നാല്പതു ശതമാനമെങ്കിലും സസ്യാച്ഛാദനം ഉള്ളതാണു വനഭൂമി എങ്കിൽ ഇന്ത്യയിലാകെ രണ്ടുകോടി അമ്പതു ലക്ഷം ഹെക്ടർ വനഭൂമിയേ ഇപ്പോൾ അവശേ

ഷിച്ചിട്ടുള്ളു. ബാക്കിയൊക്കെ വെറും തരിശുനിലമാണ്. ആണ്ടുതോറും നമ്മുടെ പതിനഞ്ചു ലക്ഷം ഹെക്ടാർ വനഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ത്വരിതമായ ഈ വനനാശം എത്ര വലിയ രാഷ്ട്രീയവിപത്താണെന്ന്, പക്ഷേ, നാം മനസ്സിലാക്കിയിട്ടില്ല. കേരളത്തിൽ 13,000 ചതുരശ്ര കിലോമീറ്റർ വനം വേണ്ടതാണെന്നും എന്നാൽ യഥാർത്ഥത്തിലുള്ളത് 9,400 ച. കി. മീ. വനഭൂമി മാത്രമാണെന്നും മുഖ്യമന്ത്രി നായനാർ പ്രസ്താവിച്ചതു് ഈയിടെയാണ്.

ഇന്ത്യയിൽ വരൾച്ചയും വെള്ളപ്പൊക്കവും ആണ്ടോടാണ്ട് വർദ്ധിച്ചുവരുന്നതു്. നദികളുടെ വർഷപാതപ്രദേശങ്ങളിലെ (വാട്ടർ ഷെഡ്ഡ്) വനങ്ങൾ നശിക്കുന്നതിനാൽ ഓരോ മഴയിലും എത്രയോ ടൺ മണ്ണ് കുത്തിയൊലിച്ചു പോവുന്നു. ഇതു നിമിത്തം പെയ്തുവെള്ളം ആഗിരണംചെയ്ത് ക്രമേണയായി പുറത്തുവിടാൻ ഭൂമിക്ക് കഴിവില്ലാതാകുന്നു. വനവിധ്വംസനവും മണ്ണൊലിപ്പും തടയേണ്ടതു് ആരുടെ ഉത്തരവാദിത്വം ആണെന്ന് ഇന്ത്യാ ഗവൺമെൻറ് ഇനിയും വ്യക്തമായി നിർവചിച്ചിട്ടില്ല. നോക്കിയിരിക്കുകയല്ലാതെ, ഈ വിപത്തുകൾ തടയാൻ മുന്നോട്ടുവരേണ്ടതാണെന്ന ബോധം ഇന്ത്യക്കാരിൽ ഇനിയങ്ങോട്ട് ഉണ്ടാവാനിരിക്കുന്നതേയുള്ളു. നീർവാർച്ചയില്ലാത്ത ജലസിക്തപ്രദേശങ്ങളിൽ, ഭൂമിക്കടിയിലെ ദോഷകരങ്ങളായ രാസവസ്തുക്കൾ അലിഞ്ഞു് മേല്പോട്ടു വരുന്നതാണ് 'പുളിയിളകൽ'. മുമ്പ് നല്ല വിളവു കിട്ടിയിരുന്ന ഒരു കോടി മുപ്പതു ലക്ഷം ഹെക്ടാർ കൃഷിഭൂമി 1980 ആയപ്പോഴേക്ക് ചെളികെട്ടിയും പുളിയിളകിയും കൃഷിയോഗ്യമല്ലാതായിക്കഴിഞ്ഞിരുന്നു. നിലങ്ങളിലെ നീർവാർച്ചയുടെ കാര്യം ആരും ആലോചിക്കാത്ത സ്ഥിതിക്ക് ഇത്തരം തരംകെട്ട നിലങ്ങളുടെ വിസ്തൃതി ഇക്കഴിഞ്ഞ എട്ടു വർഷങ്ങളിൽ എത്രയോ വർദ്ധിച്ചിരിക്കണം.

പഞ്ചവത്സരപദ്ധതികളിൽ നാം ഊന്നൽ നൽകിയതു് വൻകിട ജലസേചന ഏർപ്പാടുകൾക്കായിരുന്നു. ഈ ജലസേചന ഏർപ്പാടുകളുടെ ഉല്പാദനക്ഷമത കുറഞ്ഞുകുറഞ്ഞുവരികയാണ്. അണക്കെട്ടുകളിൽ തടഞ്ഞുനിർത്തിയ വെള്ളം കൃഷിഭൂമികളിൽ എത്തണമെങ്കിൽ ആയക്കെട്ട് വികസനപ്രവർത്തനങ്ങൾ (കമാൻഡ് ഏരിയ ഡെവലപ്മെൻറ്) ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. ജലസേചനമുള്ള ഒരു ഹെക്ടാർ വയലിൽനിന്ന് അഞ്ചു ടൺവരെ ഭക്ഷ്യധാന്യം കിട്ടണമെന്നാണ് പ്രതീക്ഷ; കിട്ടുന്നതു് ഒന്നേകാൽ ടണ്ണിൽ താഴെയും! ഇപ്പോൾ അണക്കെട്ടുകളിലുള്ള ജലം ഉപയോഗിച്ച് കൃഷിചെയ്യാവുന്ന അറുപതു ലക്ഷം ഹെക്ടാർ കൃഷിസ്ഥലം, തോടുകളും മററും ഉണ്ടാക്കായ്കയാൽ, വരണ്ടുതന്നെ കിടക്കുന്നുണ്ടത്രേ. കേരളത്തിൽ വിഭാവനംചെയ്ത ഇരുപത്തെട്ടു ജലസേചനപദ്ധതികളിൽ പത്തെണ്ണമേ പൂർത്തിയായിട്ടുള്ളു. ഇവ 92,800 ഹെക്ടാർ കൃഷിഭൂമിയിൽ വെള്ളമെത്തിക്കുന്നുണ്ടെന്നാണ് സർക്കാർ കണക്ക്.

വനനശീകരണത്തിന്റെ ഫലമായ മണ്ണൊലിപ്പു നിമിത്തം അണക്കെട്ടുകളുടെ ജലസംഭരണികൾ വളരെവേഗം തൂർന്നുവരികയാണ്. അവയിൽ വെള്ളത്തിനു പകരം ചെളി നിറയുന്ന കാലം വിദൂരത്തിലല്ല.

കുഴൽക്കിണറുകളിലൂടെ വെള്ളം പമ്പുചെയ്തു പുറത്തെടുത്തു് കൃഷിക്ക് ഉപയോഗിക്കുന്നതിൻ ഫലമായി, ഭൂഗർഭജലം കൂടുതൽക്കൂടുതൽ ആഴത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഭൂമിയുടെ ചെരിവനുസരിച്ച് തോടുകൾ കഴിച്ചും (കോണ്ടൂർ ട്രെഞ്ചിങ്) വരമ്പുകൾ കെട്ടിയും ചെറിയ അണക്കെട്ടുകൾ (ചെക്ക് ഡാം) നിർമിച്ചും മലമുതൽ കടൽവരെ ആവശ്യമനുസരിച്ച് കുളങ്ങളും ചിറകളും ഉണ്ടാക്കിയും പെയ്തുവെള്ളം ഭൂതലത്തിൽ തടഞ്ഞുനിർത്തി മണ്ണിനടിയിലേക്ക് നിരന്തരം എത്തിച്ചുകൊണ്ടിരുന്നാലേ കിണറുകളിൽ വെള്ളം ലഭിക്കുകയുള്ളു. 'റീചാർജിങ്' എന്നറിയപ്പെടുന്ന ഈ 'ഭൂഗർഭ പുനർജലവൽക്കരണ'ത്തെപ്പററി നാം ഇനിയും ബോധവാന്മാരല്ല. ഓരോ ആണ്ടിലും മണ്ണിനടിയിലേക്ക പോകുന്ന ജലം മാത്രമേ പുറത്തെടുക്കാവൂ, അതിൽക്കൂടുതൽ

ജലം പുറത്തെടുക്കുന്നതിന്റെ ഫലം, ഭൂഗർഭജലം കൂടുതൽ ആഴത്തിലേക്കു പോവുകയും നാട്ടിലുള്ള കിണറുകൾ എല്ലാം വറ്റുകയും ജനങ്ങളുടെ കുടിവെള്ളം മുട്ടുകയും ആയിരിക്കും.

1951–ൽ ഇന്ത്യയിൽ ശരാശരി ഒരാൾക്ക് അര ഹെക്ടറിൽ താഴെ (0.48 ഹെക്ടർ) കൃഷിസ്ഥലമുണ്ടായിരുന്നത്രേ. രണ്ടായിരമാണ്ട് ആവുമ്പോഴേക്ക് ഇന്ത്യക്കാരന് ശരാശരി കൃഷിസ്ഥലം ഇതിന്റെ നാലിലൊന്ന് (0.14 ഹെക്ടർ) ആയി കുറയും. ഇപ്പോഴുള്ള കൃഷിസ്ഥലം ശരിക്കു രക്ഷിച്ചാലത്തെ സ്ഥിതിയാണിതു്. ഇന്നത്തെ മാതിരി മണ്ണൊലിപ്പും ചെളികെട്ടലും മറ്റും നിമിത്തമുള്ള കൃഷിസ്ഥല നാശം തുടർന്നുകൊണ്ടിരുന്നാൽ എന്തു സംഭവിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

പ്രകൃതി വിഭവസംരക്ഷണത്തെ (നാച്വറൽ റിസോഴ്സസ് മാനേജ്മെന്റ്) പ്പറ്റി നാം ഗൗരവപൂർവം ആലോചിക്കുകയും പര്യാപ്തമായ ഒരു പ്രവർത്തനപരിപാടി രൂപവല്ക്കരിക്കുകയും ചെയ്യാൻ ഇനി ഒട്ടും താമസിച്ചുകൂടാ. മുമ്പു പറഞ്ഞപോലെ, ഒരിക്കൽ പോയാൽ പിന്നെ തിരിച്ചുകിട്ടാത്ത വിഭവമാണ് മണ്ണ്. അതു നമുക്ക് ഒട്ടേറെ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വീണ്ടും ഉണ്ടാക്കാവുന്ന വിഭവമായ വെള്ളത്തിന്റെ കാര്യത്തിലും നമുക്കു തീരെ ശ്രദ്ധയില്ല. മഴക്കാലത്തു് വെള്ളം കുത്തിയൊലിച്ച് നമ്മുടെ മണ്ണ് കടലിൽ കൊണ്ടുപോയി കലക്കുകയും എങ്ങും വെള്ളപ്പൊക്കക്കെടുതികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. വേനൽക്കാലത്തു് ജനങ്ങൾ കുടിവെള്ളം കിട്ടാതെ കുഴങ്ങുന്നു. ഈ വൈരുദ്ധ്യത്തിന് ഉത്തരവാദി പ്രകൃതിയല്ല, നാം തന്നെയാണ്.

വൻകിട ജലസേചന പദ്ധതികളിൽ വിശ്വാസമർപ്പിച്ച്, ചെറിയ ജലസംരക്ഷണ പരിപാടികൾ നാം അവഗണിച്ചതു് വലിയ മൗഢ്യമായിരുന്നു എന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. 1951 മുതൽ 1985 വരെ വൻകിട ജലസേചന പദ്ധതികൾക്കായി ഇന്ത്യ 15,206 കോടി രൂപ ചെലവഴിച്ചു. ഇതേ സമയം വന–മണ്ണ്–ജല–സംരക്ഷണത്തിനായി ചെലവഴിച്ചതു് 2723 കോടി രൂപ മാത്രമായിരുന്നു. വൻകിട ജലസേചന പദ്ധതികൾ ഒന്നര കോടി ഹെക്ടർ കൃഷിസ്ഥലത്തിന് ഉപകരിക്കണമെന്നായിരുന്നു ലക്ഷ്യം. വന–മണ്ണ്–ജല–സംരക്ഷണപരിപാടികൾ പതിനേഴര കോടി ഹെക്ടർ സ്ഥലത്തു് പ്രയോജനപ്പെടണമെന്നും ഉദ്ദേശിച്ചിരുന്നു. വൻകിടജലസേചന പ്രദേശത്തു് ഒരു ഹെക്ടർ പ്രദേശത്തിന് പതിനായിരം രൂപ മുതൽമുടക്കേണ്ടി വന്നപ്പോൾ, വന–മണ്ണ്–ജല–സംരക്ഷണ പ്രദേശങ്ങളിൽ ഒരു ഹെക്ടറിന് 156 രൂപയായിരുന്നു ശരാശരി മുതൽമുടക്ക്. അതായതു്, വൻകിട ജലസേചന പദ്ധതികളുടെ അറുപത്തിനാലിലൊന്നു ചെലവേ ചെറുകിട പദ്ധതികൾക്ക് ചെയ്കയുണ്ടായുള്ളൂ.

ഇപ്പോൾ നടപ്പിലാക്കിവരുന്ന ഏഴാം പദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷങ്ങളിൽ പതിനെട്ടുലക്ഷത്തി എഴുപതിനായിരം ഹെക്ടർ സ്ഥലത്തു് വെള്ളം എത്തിക്കുന്ന വൻകിട–ചെറുകിട ജലസേചന പദ്ധതികൾക്കായി 6593 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞുവത്രെ. ഒരു ഹെക്ടറിന് ശരാശരി 44,000 രൂപയാണ് ഇവിടെ മുതൽമുടക്ക്. അതേസമയം വനവൽക്കരണം, ജല-മണ്ണ് സംരക്ഷണ പരിപാടികൾ എന്നിവയ്ക്കായി ഈ കാലത്തു ചെലവഴിച്ചതു് 1880 കോടി രൂപ മാത്രമാണ്. പതിനേഴു കോടി അമ്പതു ലക്ഷം ഹെക്ടർ 'ദുഷിച്ച' (ഡീഗ്രേഡഡ്) ഭൂമി മെച്ചപ്പെടുത്താനാണ് ഈ പരിപാടികൾ ഉദ്ദേശിക്കപ്പെട്ടിരുന്നതു്—അതായതു് ഹെക്ടറിന് 107 രൂപ മുതൽമുടക്ക്! ജലസിക്തപ്രദേശങ്ങളിലെ ഓരോ ഹെക്ടർ ഭൂമിക്കും സർക്കാർ ഇതിന്റെ നാനൂറ്റിരുപത്താറു് ഇരട്ടി മുതൽമുടക്കുന്നു. ഇതു് ദീർഘവീക്ഷണമല്ല. മിതവ്യയവുമല്ല.

പ്രകൃതിവിഭവസംരക്ഷണത്തിന് ബുദ്ധിപൂർവമായ ഒരു പരിപാടി തയ്യാറാക്കുകയാണെങ്കിൽ അതിൽ ഒന്നാംസ്ഥാനം നൽകേണ്ടതു് പെയ്യു മഴവെള്ളം

ഒലിച്ചുപോകാതെ തടഞ്ഞുനിർത്തി മണ്ണിനകത്തേക്കു വിടുന്ന (റീചാർജിങ്) പ്രക്രിയയാണ്. വനവൽക്കരണം, നിലച്ചെരിവനുസരിച്ച് തോടു കഴിക്കൽ, വരമ്പിടൽ, ചെറിയ അണകൾ നിർമിക്കൽ, ജലാശയശൃംഖലകൾ സൃഷ്ടിക്കൽ എന്നിവ ഇതിനാവശ്യമാകുന്നു.

ഉള്ള ജലസേചനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനെപ്പററിയാണ് അടുത്ത പടിയായി ചിന്തിക്കേണ്ടതു്. ചതുപ്പുനിലങ്ങളായി മാറാതിരിക്കാൻ ജലസിക്തപ്രദേശങ്ങളിൽ നീർവാർച്ചയ്ക്കുള്ള ഉപാധികൾ സൃഷ്ടിക്കണം. ആയക്കെട്ടു വികസനപരിപാടികൾക്ക് പരമപ്രാധാന്യം നൽകപ്പെടണം.

വനവൽക്കരണത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ. 1950 മുതൽ 1980 വരെ മുപ്പത്തേഴ് ലക്ഷം ഹെക്ടാർ പ്രദേശത്തു പുതുതായി മരം നട്ടുവെന്നാണ് കണക്ക്. പക്ഷേ, ഈ മരങ്ങളിൽ ഏറെയൊന്നും വേരു പിടിച്ചു വളർന്നിട്ടില്ലെന്ന് 1984–ൽ എം. എസ്. ചൗധരി സർക്കാരിലേക്കു സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിൽ വനവൽക്കരണം കൂടുതൽ ശ്രദ്ധയാകർഷിച്ചതായി കാണുന്നു. ഏഴാം പദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷങ്ങളിൽ അമ്പതു ലക്ഷം ഹെക്ടാർ സ്ഥലത്തു മരം നട്ടുവത്രേ. ഇതിനേക്കാൾ കൂടുതൽ പ്രദേശത്തു് സ്വാഭാവിക വനവിധ്വംസനം ഒരുപക്ഷേ, ഈ കാലത്തു നടന്നിരിക്കാം. ഇപ്പോൾ വനവൽക്കരണത്തിന് ഹെക്ടാർ ഒന്നിന് 6,000 രൂപയോളം ചെലവുവരുന്നു. കൂടുതൽ സ്ഥലത്തേക്കു വനവൽക്കരണം വ്യാപിപ്പിക്കുന്നതിന് ഈ വർദ്ധിച്ച ചെലവ് തടസ്സമാകുന്നുണ്ട്. വനഭൂമി വെറുതെയിടുകയും അതിൽ കാലികളും മനുഷ്യരും കടക്കുന്നതു തടയുകയുംചെയ്താൽ ഏതാനും വർഷങ്ങൾക്കകം അവിടെ കാടു തനിയെ വളരും. ഈ സ്വാഭാവിക വനവൽക്കരണത്തിന് (റീജനറേഷൻ) ചെലവു കുറച്ചേ വരൂ. അതുകൊണ്ട് ഇന്നത്തെ സാമൂഹ്യവനവൽക്കരണപരിപാടിയോടൊപ്പം സ്വാഭാവികവനവൽക്കരണപരിപാടിയിലും കൂടുതൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ബഹുജനപരിപാടിയെന്ന നിലയിൽ മാത്രമേ പ്രകൃതിവിഭവസംരക്ഷണം വിജയിക്കൂ എന്നതാണ് മുഖ്യമായ സംഗതി. മണ്ണും വെള്ളവുമാണ് ഏററവും വലിയ ധനമെന്നും ഒരു തരി മണ്ണും ഒരു തുള്ളി വെള്ളവും നഷ്ടപ്പെടാൻ ഇടയാകരുതെന്നുമുള്ള ബോധം സാധാരണ ജനങ്ങളിൽ ഉറയ്ക്കണം. നേതൃത്വം നൽകുന്നതു് സർക്കാരോ പഞ്ചായത്തോ ആയാലും ഇത്തരം പരിപാടികളുടെ നിർവഹണച്ചുമതല ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണം. എല്ലാ വികസനപരിപാടികളുടെയും കാതൽ മണ്ണ്–ജല സംരക്ഷണമാണെന്ന വസ്തുത അംഗീകരിക്കപ്പെടുകയും വേണം. കുത്തനെയുള്ള ചെരിവുകളിൽ പുല്ലു വളർത്തുക, ഏലകളെ വരമ്പിടുക, നിലച്ചെരിവനുസരിച്ചു തോടു കഴിച്ച് ജലപ്രവാഹം നിയന്ത്രിക്കുക, നീർവാർച്ച പ്രദേശങ്ങളിൽ താഴോട്ടു താഴോട്ടു ചെറിയ അണകൾ കെട്ടി വെള്ളം തടഞ്ഞുനിർത്തുക, കുളങ്ങളും ചിറകളും നിർമിക്കുക, ഉള്ളവ ചേറെടുത്തു് സംരക്ഷിക്കുക, മരം നടുക — ഇതൊക്കെ വളരെയൊന്നും പരിശീലനം കൂടാതെ ഏതു ഗ്രാമീണനും ചെയ്യാവുന്ന കാര്യങ്ങളാണ്. ഈ പ്രവൃത്തികളുടെ പ്രാധാന്യം ഗ്രാമീണരെ പറഞ്ഞു മനസ്സിലാക്കണമെന്നേയുള്ളു. അതോടൊപ്പം ഗ്രാമീണരുടെ സ്വയം സേവനപ്രവർത്തനങ്ങൾക്ക് സർക്കാരോ സർക്കാരുദ്യോഗസ്ഥന്മാരുടെ പിന്തുണയുള്ള റൗഡികളോ തടസ്സം സൃഷ്ടിക്കാതെ നോക്കുകയും വേണം. സർക്കാരുദ്യോഗസ്ഥന്മാർ, കോൺട്രാക്ടർമാർ, റൗഡികൾ എന്നീ മൂന്നു വിഭാഗങ്ങളുടെ അവിശുദ്ധമായ കൂട്ടുകെട്ടാണല്ലൊ ഇന്ത്യയിലെ ത്വരിതഗതിയിലുള്ള വനവിധ്വംസനത്തിനടിയിൽ. ഈ കൂട്ടുകെട്ട് തകർക്കാതെ പ്രകൃതിവിഭവസംരക്ഷണരംഗത്തു് ഒരു പുരോഗതിയും ഉണ്ടാവുകയില്ല.

**(11 ജൂലൈ, 1988)**